പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1542 15/02/2016 -ൽ മറുപടിയ്ക്ക്

# കേര കർഷകർക്കുള്ള പ്രോത്സാഹന സഹായ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേര കർഷകർക്ക് സർക്കാർ നല്കുന്ന പ്രോത്സാഹന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) സമഗ്ര നാളീകേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന പദ്ധതി 2014-15 വർഷം മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണു വളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിളകൃഷി, രോഗബാധിതമായി ഉത്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു കേര ഗ്രാമത്തിന് 125 ലക്ഷം രൂപ ധന സഹായം നൽകുന്നു. കർഷകർക്കു തെങ്ങു കയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേര ഗ്രാമത്തിന് 100 എണ്ണം വരെ നൽകുന്നതിന് 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ നിരക്കിൽ, 20 ഹെക്ടറിലേക്കായി 5 ലക്ഷം രൂപയും തെങ്ങിൻ തൈനഴ്സറി സ്ഥാപിക്കുന്നതിന് 50,000/- രൂപയും ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 10 കമ്പോസ്റ്റ് |

യൂണിറ്റുകൾക്ക് ഒരു ലക്ഷം രൂപയും (യൂണിറ്റൊന്നിന് 10,000/- രൂപ) നൽകി വരുന്നു.കൂടാതെ പദ്ധതിച്ചിലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000/- രൂപയും പഞ്ചായത്തുതല കേര അപെക്സ് സൊസൈറ്റിക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

കൂടാതെ ഇടുക്കി ജില്ലയിൽ നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന 'ഇടുക്കി പാക്കേജ് ' പദ്ധതി പ്രകാരം 2015-16 -ൽ സംയോജിത തെങ്ങു കൃഷി വികസന പദ്ധതിക്കായി (2-ാം വർഷം) ഹെക്ടറിന് 7500/- രൂപ നിരക്കിൽ 60.375 ലക്ഷം രൂപ ചിലവഴിച്ചു.

ബി) തേങ്ങ ഉൽപാദനം വർധിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന ഏതെല്ലാം ഇനങ്ങളിലെ തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നതെന്നും ഇവ എവിടെ ലഭ്യമാകുമെന്നും അറിയിക്കുമോ;

ബി) തേങ്ങ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് WCT, കുറിയ ഇനം, സങ്കര ഇനം, (T X D, D X T)എന്നീ ഇനങ്ങളിലെ തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നത്. ഇവ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിച്ച് കൃഷിഭവൻ വഴി വിതരണം ചെയ്യുന്നു.

സി) ആധുനിക കൃഷി രീതികൾ കേരകർഷകർക്ക് ലഭ്യമാകുന്നതിന് നല്കുന്ന പരിശീലന പരിപാടികളും പരിശീലന കേന്ദ്രങ്ങളും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

സി) ആധുനിക കൃഷി രീതികൾ സംബന്ധിച്ച അറിവ് കേരകർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ കൃഷിഭവനുകൾ മുഖേന നൽകി വരുന്നുണ്ട്. ശാസ്ത്രീയ തെങ്ങു കൃഷി, തെങ്ങുകൾക്കുണ്ടാകുന്ന വിവിധ രോഗ – കീട ബാധകളും അവയുടെ നിയന്ത്രണമാർഗ്ഗങ്ങളും, തെങ്ങുകയറ്റ യന്ത്രങ്ങളുടെയും മറ്റു യന്ത്രങ്ങളുടെയും ഉപയോഗം, ശാസ്ത്രീയ ജലസേചന രീതികൾ, നീര ഉൾപ്പെടെയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ

നിർമ്മാണം, തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളകൃഷി, കമ്പോസ്റ്റ് നിർമ്മാണം എന്നീ വിഷയങ്ങൾ സംബന്ധിച്ച പരിശീലന പരിപാടികളാണ് കർഷകർക്കു നൽകി വരുന്നത്.എല്ലാ ജില്ലകളിലുമുള്ള കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്,കണ്ണൂർ ജില്ലകളിലുള്ള പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ, കൃഷി വകുപ്പിന്റെ കീഴിൽ പത്തനംതിട്ട, കോഴിക്കോട്, ജില്ലകളിലുള്ള ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ, കാസർഗോഡ്, ആലപ്പുഴ ജില്ലകളിലെ കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനങ്ങൾ, നാളീകേര വികസന ബോർഡ്, കൊച്ചി, കേരള കാർഷികസർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങൾ, ജില്ലാതല ആത്മ, സമേതി തിരുവനന്തപുരം, എന്നീ സ്ഥാപനങ്ങളും കേരകർഷകർക്ക് ആധുനിക കൃഷി രീതികൾ സംബന്ധിച്ചുള്ള പരിശീലനം നല്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

ഒരു വർഷം മാത്രമായിരുന്നത് സംസ്ഥാന സർക്കാർ 24.04.2015 ലെ സർക്കാർ ഉത്തരവ് നം.72/15/എഡി പ്രകാരം സ്ഥിരം കാർഡമം രജിസ്ട്രേഷൻ എന്ന നിലയിൽ 8 വർഷത്തേക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ടി സർട്ടിഫിക്കറ്റ് ഏലം കർഷകർക്ക് സ്പൈസസ് ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഏറെ പ്രയോജനകരമായിട്ടുണ്ട്.